LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു: ഭാഗികമായി പൂർത്തിയാക്കിയ പദ്ധതികളിലൊന്നായ KIP പദ്ധതി main കനാലിലും സബ് കനാലിലുമൊക്കെ വെള്ളം ഒഴുകി എത്തുമ്പോൾ അതിനോടനുബന്ധിച്ചുള്ള branches-കളിൽ വെള്ളം എത്താതെ ജനങ്ങൾ ബുദ്ധിമുട്ടുന്ന അനുഭവം ഉണ്ട്. അങ്ങയുടെ മണ്ഡലത്തിലും ഈ സ്ഥിതി ഉണ്ട്. കനാലുകൾ വെട്ടി ഇട്ടിരിക്കുകയാണ്. പക്ഷേ ബ്രാഞ്ചുകളിൽ വെള്ളം എത്തുന്നില്ല. എന്നാൽ main കനാലുകളിൽ വെള്ളം പോകുന്നുണ്ട്. അവസാനിപ്പിച്ച പദ്ധതി ആണെങ്കിലും വെട്ടിയിട്ടിരിക്കുന്ന ബ്രാഞ്ചുകളിൽ വെള്ളം എത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നേരത്തെ സൂചിപ്പിച്ചതുപോലെ ഈ പദ്ധതി CADA പദ്ധതിയോട് ചേർക്കുകയാണെങ്കിൽ നിശ്ചയമായും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച നിർദ്ദേശംകൂടി പരിഗണിക്കാം. അവിടെയുള്ള പ്രയാസങ്ങൾ ഇതിനേക്കാൾ രൂക്ഷമാണ്. അതിന്റെ ഒരു ചെറിയ ഭാഗം മാത്രമേ അങ്ങ് സൂചിപ്പിച്ചിട്ടുള്ളൂ. എങ്കിലും ഈ കൺവർഷൻ വരുന്നതോടുകൂടി നമുക്ക് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റിന്റെ നിഗമനം.

ശ്രീ. കെ. അച്ചുതൻ: കർക്കടക മാസത്തിലും ലോറിയിൽ കുടിവെള്ളം കൊടുക്കുന്ന ഏകപ്രദേശം ആണ് ചിറ്റൂർ കിഴക്കൻ മേഖലകൾ. അവിടെ കുര്യാർകുറ്റി പദ്ധതിയുടെ ഭാഗമായി വലതുകനാൽ നീട്ടുന്ന പ്രവൃത്തി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിജിലൻസ് കേസിന്റെ പേരിൽ നിർത്തിവച്ചതാണ്. ഈ ഗവൺമെന്റ് വന്നശേഷം ആ പണി ധൃതിയിൽ നടക്കുകയും ഒരു പരിധിവരെ കുറെ സ്ഥലത്തെങ്കിലും വെള്ളം കൊടുക്കാൻ കഴിയുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ വരട്ടയാർവരെ നീട്ടാമെന്ന് മന്ത്രിതന്നെ സ്ഥലം നേരിട്ട് സന്ദർശിച്ച് ഉറപ്പ് നൽകിയതാണ്. അതിന്റെ ഇൻവെസ്റ്റിഗേഷൻ അടിയന്തിരമായി നടത്തി കഴിയുന്നതും വേഗം ആ അക്കാഡക്ടിന്റെ പണിപൂർത്തിയാക്കി വരട്ടയാർവരെ വെള്ളം എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ നേരത്തെ ഒരു ഉപചോദ്യത്തിന് മറുപടിയായി പറഞ്ഞതുപോലെ നീലങ്കാച്ചി വരെയുള്ള കനാലുകൾ പൂർത്തിയാക്കിയിട്ടുണ്ട്. വലതു കനാൽ കോതയാർ, വരട്ടയാർ, വേലൻ താവളം, വാളയാർവരെ വരും. അതിൽ വരട്ടയാർ വരെയുള്ള investigation-ന് ഓർഡർ കൊടുത്തിട്ടുണ്ട്. ബാക്കിയുള്ളതും phased manner-ൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

സ്പിരിറ്റ് കള്ളക്കടത്തും വ്യാജമദ്യവില്പനയും തടയാൻ നടപടി

*2 [32] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
,, കെ. വി. കുഞ്ഞിരാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും വൻതോതിൽ സ്പിരിറ്റ് കേരളത്തിലേയ്ക്കു കടത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പിരിറ്റ് കള്ളക്കടത്തും വ്യാജമദ്യ വിൽപ്പനയും തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്തെ കള്ളുഷാപ്പുകളിൽ വൻതോതിൽ സ്പിരിറ്റ് ശേഖരവും വിൽപ്പനയും നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) അനധികൃതമായി കടത്തിക്കൊണ്ടുവരുന്ന എത്ര ലിറ്റർ സ്പിരിറ്റാണ് കഴിഞ്ഞ മാസത്തിനുള്ളിൽ പിടിച്ചെടുത്തിട്ടുള്ളത്;

(ഇ) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര വാഹനങ്ങൾ കസ്റ്റഡിയിലെടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): (എ) അന്യസംസ്ഥാനങ്ങളിൽനിന്ന് സ്പിരിറ്റ് കേരളത്തിലേയ്ക്ക് കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അതിർത്തി പ്രദേശങ്ങളിലേയും ചെക്ക് പോസ്റ്റുകളിലേയും വാഹന പരിശോധന ശക്തിപ്പെടുത്തിയും റോഡ് പട്രോളിംഗും വാഹന പരിശോധനയും നടത്തുന്നതിന് സ്ട്രൈക്കിംഗ് ഫോഴ്സ് ഏർപ്പെടുത്തിയും ജില്ലാ താലൂക്ക് തലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ഏർപ്പെടുത്തിയും രഹസ്യാന്വേഷണ വിഭാഗം ശക്തിപ്പെടുത്തിയും സംസ്ഥാനത്തെ കള്ളുഷാപ്പുകളിലും ബാറുകളിലും മിന്നൽ പരിശോധനകൾ നടത്തിയും വ്യാജമദ്യ വിൽപ്പനയ്ക്കെതിരെയും സ്പിരിറ്റ് കള്ളക്കടത്തിനെതിരെയും കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) സംസ്ഥാനത്തെ ചില കള്ളുഷാപ്പുകളിൽ വൻതോതിലല്ലെങ്കിലും ചാരായം വിൽക്കുന്നതിനായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തെ ഇത്തരം ഷാപ്പുകൾക്കെതിരെ കേസെടുക്കുകയും ലൈസൻസ് റദ്ദാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കഴിഞ്ഞ ആറുമാസത്തിനുള്ളിൽ എക്സൈസ് വകുപ്പ് 160535.8 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തിട്ടുണ്ട്.

(ഇ) ഇതു സംബന്ധിച്ച 74 കേസുകൾ രജിസ്റ്റർ ചെയ്യുകയും 53 വാഹനങ്ങൾ കസ്റ്റഡിയിലെടുക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, വിദേശങ്ങളിൽനിന്നും സംസ്ഥാനത്തെ തുറമുഖങ്ങൾ വഴി ഔഷധാവശ്യങ്ങൾക്ക് എന്നപേരിൽ വ്യാജ സ്പിരിറ്റ് കടത്തിക്കൊണ്ടുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈയടുത്ത കാലത്ത് കൊച്ചിതുറമുഖം വഴി എത്ര ടൺ സ്പിരിറ്റാണ് കൊണ്ടുവന്നിട്ടുള്ളത്; ഇത് കൊണ്ടുവന്നവർക്കെതിരെ എന്തെങ്കിലും കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ടോ; കേസ്സിലെ പ്രതികൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: ഇതൊരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ പറയാം. ആ സ്പിരിറ്റ് ഇവിടെ കൊണ്ടുവന്നപ്പോൾ ലാ ഡിപ്പാർട്ട്മെന്റിൽനിന്ന് വെറുതേ വിട്ടുകൊടുക്കാമെന്ന് ഉപദേശം കിട്ടിയിട്ടും അത് വിട്ടുകൊടുക്കാതിരുന്നതാണ്. അതിൽ കേസുണ്ട്; കേസ് നടക്കുന്നുണ്ട്. പ്രത്യേകം ചോദ്യമായി ചോദിച്ചാൽ വിശദാംശങ്ങൾ തരാം.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, അടുത്ത കാലത്തായി ചെക്ക്പോസ്റ്റുകളിൽ സ്പിരിറ്റ് വ്യാപകമാവുകയും ആ ചെക്ക് പോസ്റ്റുകളിൽ തന്നെ സ്പിരിറ്റ് പിടിത്തം കുറഞ്ഞിട്ടുള്ളതുമായ സാഹചര്യത്തിലാണ് ഇത് ചോദിക്കുന്നത്. പാലക്കാട് ജില്ലയിലെ വാളയാർ ഉൾപ്പെടെയുള്ള ചെക്ക്പോസ്റ്റുകളിലും ചിറ്റൂരിലെ വ്യാജമദ്യ മേഖലകളിലും സെയിൽസ് ടാക്സ്-എക്സൈസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നത് യാതൊരു മാനദണ്ഡവും പാലിക്കാതെയാണെന്നും അത് സ്പിരിറ്റ് കള്ളക്കടത്തുകാരുടേയും വ്യാജ കള്ള് നിർമ്മാതാക്കളുടേയും താൽപര്യം സംരക്ഷിക്കുന്നതിനാണെന്നും എക്സൈസ് ഡിപ്പാർട്ട്മെന്റ് ഇറക്കിയ ഉത്തരവ് പ്രദർശിപ്പിച്ചുകൊണ്ട് സൂര്യ ടിവി.-യിൽ പ്രക്ഷേപണം ചെയ്യുകയുണ്ടായി. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെ സംബന്ധിച്ച് ശക്തമായ നടപടികൾ എടുക്കുന്നുണ്ടെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയത്തെ സംബന്ധിച്ച് ഗവൺമെന്റ് നിലപാട് വ്യക്തമാക്കാമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഗവൺമെന്റിന്റെ നിലപാട് വളരെ വ്യക്തമാണ്. സ്പിരിറ്റ് കള്ളക്കടത്ത് കർശനമായി തടയണമെന്നുള്ളത് തന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. ഉദ്യോഗസ്ഥരുടെ കാര്യത്തിൽ വ്യാപകമായ ട്രാൻസ്ഫറൊന്നും ഞാൻ നടത്തിയിട്ടില്ല. നേരത്തേയിരുന്ന ഉദ്യോഗസ്ഥർ തന്നെയാണ് ഇപ്പോഴും അവിടെ തുടരുന്നത്. വാളയാറും പാലക്കാടിന്റെ പലഭാഗത്തും ഞാൻതന്നെ പോയി ചില നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. കള്ളക്കടത്ത് തടയുന്നതിന് ഉദ്യോഗസ്ഥർ കുറേക്കൂടി വിജിലന്റായി കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. മാത്രമല്ല, അവിടെ ചില സ്വകാര്യ വ്യക്തികൾ, ചില ദിവ്യന്മാർ അവരുടെ പുരയിടത്തിൽക്കൂടി റോഡ് വെട്ടി കള്ളക്കടത്ത് നടത്തുന്നതായി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അവർക്ക് വേണ്ട വാണിംഗ് കൊടുക്കണമെന്നും ഇല്ലെങ്കിൽ അവരെ അറസ്റ്റ് ചെയ്ത് നടപടി എടുക്കണമെന്നും ഞാൻ ഉദ്യോഗസ്ഥർക്ക് പാലക്കാട് വച്ച് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, അതിർത്തി ജില്ലകളിലാണ് വൻതോതിൽ സ്പിരിറ്റ് കടത്തിക്കൊണ്ടുവരുന്നത്. ഇത് നിയന്ത്രിക്കാൻ കഴിയുന്നില്ലായെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്നുതന്നെ വ്യക്തമാണ്. ഉന്നതരുടെ ഒത്താശയോടുകൂടി സംസ്ഥാനത്ത് സ്പിരിറ്റ് ഒഴുകുന്നു എന്നെല്ലാം പത്രറിപ്പോർട്ടുകൾ വന്നിട്ടുണ്ട്. ഈ മേഖലകളിൽ എക്സൈസ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥർ അറിയാതെ സ്പിരിറ്റ് കടത്തിക്കൊണ്ടുപോകാൻ കഴിയില്ല. അങ്ങനെയുള്ള

കേന്ദ്രങ്ങളിലെ എക്സൈസ് ഉദ്യോഗസ്ഥർ വൻതുക കോഴ കൊടുത്തിട്ടാണ് അവിടെ തുടരുന്നതെന്നുള്ള ആരോപണങ്ങൾ വന്നിട്ടുണ്ട്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഈ പ്രത്യേക സാഹചര്യം പരിഗണിച്ച് ഇത്തരം ആരോപണങ്ങൾക്കും ആക്ഷേപങ്ങൾക്കും പരിഹാരമുണ്ടാക്കുന്നതിനും ഇതുപോലുള്ള നടപടികൾ തടയുന്നതിനും പുതിയ എന്തെങ്കിലും സംവിധാനം ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, പുതിയ എന്തെങ്കിലും സംവിധാനം നിർദ്ദേശിക്കാൻ ഉണ്ടെങ്കിൽ തീർച്ചയായും അതു പരിശോധിക്കാം. എക്സൈസ് ഡിപ്പാർട്ട്മെന്റിൽ കുറേയധികം കറപ്ഷൻ ഉണ്ട് എന്നുള്ളത് സത്യമാണ്. അത് ഈ കാലത്തല്ല; എല്ലാ കാലത്തുമുണ്ട്. അതിനെന്താണ് പരിഹാരമെന്നുള്ളത് നിർദ്ദേശിക്കൂ. ഞാനും വളരെ കാര്യമായി അതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ഇത് തടയണം. വ്യാജമദ്യം ഇവിടെ ഒരു കാരണവശാലും അനുവദിക്കാൻ പാടില്ലായെന്ന് നിർബന്ധമുണ്ട്. ഇതിനായി എത്ര വിലപ്പെട്ട നിർദ്ദേശങ്ങൾ തന്നാലും അത് സ്വീകരിക്കാൻ തയ്യാറാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, മദ്യമേഖലയിലുള്ള നയരൂപീകരണത്തിൽ അടിസ്ഥാനമാക്കാൻ കഴിയാവുന്ന ഒന്നാണ് ഉദയഭാനു കമ്മീഷൻ റിപ്പോർട്ട്. ആ റിപ്പോർട്ടിൽ ഇതു സംബന്ധമായി ചില പരാമർശങ്ങൾ ഉണ്ട്. അത് മുഖവിലയ്ക്കെടുക്കാൻ ഗവൺമെന്റ് സന്നദ്ധമാകണം. കള്ളവാറ്റും വ്യാജമദ്യ വിതരണവും തടയുന്നതിന് എക്സൈസ് ഡിപ്പാർട്ട്മെന്റിനെ സഹായിക്കത്തക്ക നിലയിൽ സ്റ്റാറ്റ്യൂട്ടറി അധികാരത്തോടുകൂടിയുള്ള ഉപദേശക സമിതികൾ, അതായത് പോലീസ്, എക്സൈസ്, തൊഴിലാളി പ്രതിനിധികൾ, മറ്റു സന്നദ്ധ വിഭാഗങ്ങൾ ഇവയെല്ലാം ചേർന്നുകൊണ്ടുള്ള ഉപദേശകസമിതികൾ സ്റ്റാറ്റ്യൂട്ടറിയായി പ്രവർത്തിക്കത്തക്കനിലയിൽ രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കേരളത്തിൽ അത്തരത്തിലുള്ള ഉപദേശക സമിതികൾ രൂപീകരിക്കുകയോ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്യുന്നില്ല. മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കുറേയേറെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഈ കാര്യങ്ങൾ പരിശോധിച്ച് ഉപദേശകസമിതി രൂപീകരിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് വന്നത് വളരെ വർഷങ്ങൾക്കു മുമ്പാണ്. അതെന്തുകൊണ്ട് ഇതുവരെ നടപ്പിലായില്ല എന്നുള്ളതിനെക്കുറിച്ച് എനിക്ക് ഇപ്പോൾ പറയാൻ കഴിഞ്ഞില്ല. പക്ഷേ ഇത് തടയുന്നതിനു വേണ്ടി ഉപദേശകസമിതിക്ക് കഴിയുമെന്നുണ്ടെങ്കിൽ ഗവൺമെന്റ് പരിശോധിക്കാൻ തയ്യാറാണ്. ട്രേഡ് യൂണിയൻ നേതാക്കളുടേയും പാർട്ടി നേതാക്കളുടേയും ഒരു മീറ്റിംഗ് വിളിക്കാമെന്ന് ഞാൻ പറഞ്ഞിരുന്നു. ആ സന്ദർഭത്തിൽ നമുക്ക് അതിനെക്കുറിച്ച് ആലോചിക്കാം. ഫലവത്തായി പ്രവർത്തിക്കാൻ കഴിയുമെന്നുണ്ടെങ്കിൽ തീർച്ചയായും ഗവൺമെന്റ് അതിനുവേണ്ട നടപടികൾ സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ചാരായ നിരോധനമില്ലാത്ത കർണ്ണാടകത്തോട് ചേർന്നു കിടക്കുന്ന ജില്ലയാണ് കാസർകോഡ്. ചെക്ക്പോസ്റ്റുള്ള അനധികൃത റോഡുകളിലൂടെയും യാതൊരു വിധത്തിലുള്ള പരിശോധനയുമില്ലാത്ത അനധികൃത റോഡുകളിലൂടേയും കർണ്ണാടകത്തിൽനിന്ന് വ്യാജ ചാരായവും സ്പിരിറ്റും ധാരാളം കേരളത്തിൽ വന്നുകൊണ്ടിരിക്കുകയാണ്. രണ്ടാഴ്ച മുമ്പ് ഒരു അനുഭവ മുണ്ടായി. രണ്ട് വർഷമായി ഒരു ടിപ്പർ ലോറി മംഗലാപുരത്തുനിന്ന് കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ ട്രിപ്പ് അടിച്ചുകൊണ്ടിരിക്കുകയായിരുന്നു. വെറും ലോറിയാണ്. രണ്ടാഴ്ച മുമ്പ് ഇത് കൊയ്നാച്ചിയിൽ ഒരു ആക്സിഡന്റിൽപ്പെട്ടു. രണ്ട് ദിവസം കഴിഞ്ഞിട്ട് നാട്ടുകാർ സംശയം പ്രകടിപ്പിച്ചതുകൊണ്ട് പോലീസുകാർ ഇത് പരിശോധിക്കുന്ന അവസരത്തിൽ ആയിരക്കണക്കിന് ലിറ്റർ സ്പിരിറ്റ് ഒളിപ്പിച്ചു വയ്ക്കാൻ കഴിയുന്ന കള്ള അറകളുള്ള ഒരു ടിപ്പർ ലോറിയാണത് എന്നു മനസ്സിലാക്കാൻ കഴിഞ്ഞു. അത് രണ്ട് വർഷമായി സ്ഥിരമായി യാത്ര നടത്തിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ യാത്ര നടത്തണമെങ്കിൽ തീർച്ചയായും എക്സൈസ് ഉദ്യോഗസ്ഥരുടെ ഒത്താശയും സഹായവും ഉണ്ടായിരിക്കണം. അല്ലാതെ ഈ കടത്ത് നടക്കുകയില്ല എന്നുള്ളത് ഉറപ്പാണ്. അവരുടെ പൂർണ്ണമായ സഹായവും പിൻബലവും ഇതിനുണ്ട്. ഇങ്ങനെയൊരു പശ്ചാത്തലത്തിൽ എക്സൈസ് ഡിപ്പാർട്ട്മെന്റിലെ സത്യസന്ധരായ ഉദ്യോഗസ്ഥരെ ഇത്തരം അതിർത്തികളിൽ നിയമിച്ച് അവർക്ക് എല്ലാ അത്യന്താധുനിക സംവിധാനങ്ങളും ഉണ്ടാക്കിക്കൊടുക്കണം. കാരണം അവരെ കടത്തിവെട്ടുന്ന സന്നാഹങ്ങളുമായിട്ടാണ് സ്പിരിറ്റ് ലോബി ഇത് കടത്തിക്കൊണ്ടു വരുന്നത്. അതു കണ്ടുപിടിക്കാനും തടയാനും ആവശ്യമായ പുതിയ ശാസ്ത്രീയമായ എന്ത് പദ്ധതികളാണ് എക്സൈസ് വകുപ്പിന് മുന്നോട്ടുവയ്ക്കാനുള്ളത്?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞരീതിയിൽ സ്പിരിറ്റ് കടത്തുന്നില്ലെന്നോ അത് ചില ഉദ്യോഗസ്ഥരുടെ അനുവാദത്തോടുകൂടിയാണ് നടത്തുന്നതെന്നോ ഉള്ള പരാമർശങ്ങളൊന്നും ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ ഗവൺമെന്റിന് പല പരിമിതികളുമുണ്ട്. എങ്കിലും കഴിഞ്ഞ ആറ് മാസത്തിനകംതന്നെ 1,60,000-ത്തിൽ ചിലാനം ലിറ്റർ ചാരായം പിടിച്ചിട്ടുണ്ട്. ഇതിൽ സത്യസന്ധരായ ഉദ്യോഗസ്ഥരെ നിയമിക്കാമോ എന്നു ചോദിച്ചാൽ, അങ്ങനെ നിയമിക്കണമെന്നുള്ളതാണ് ആഗ്രഹം എന്നാണ് പറയാനുള്ളത്. അങ്ങനെ നിയമിക്കാൻ കൊള്ളാവുന്ന സത്യസന്ധരായ ഉദ്യോഗസ്ഥരെ പറഞ്ഞുതന്നാൽ പരിഗണിക്കാൻ ഞാൻ തയ്യാറാണ്.

മി. സ്പീക്കർ: എല്ലാ ചെക്ക്പോസ്റ്റുകളിലും വയ്ക്കാനുള്ള ആളുകൾ ഉണ്ടാകുമോ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, വളരെ വിലപിടിപ്പുള്ള വാഹനങ്ങളിലാണ് സ്പിരിറ്റ്, വ്യാജ ചാരായം എന്നിവ കടത്തിക്കൊണ്ടുവരുന്നത്. ഡസൻ കണക്കിന് വാഹനങ്ങൾ കടന്നുപോകുമ്പോൾ പേരിനുവേണ്ടി പലപ്പോഴും ഒന്നോ രണ്ടോ വാഹനങ്ങൾ അവർ പിടിക്കും. അങ്ങനെ പിടിക്കുന്ന വാഹനങ്ങൾ കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കാസർകോട് ജില്ലയിലെ പല പോലീസ് സ്റ്റേഷനുകളും നിറഞ്ഞ് കവിഞ്ഞിരിക്കുകയാണ്. ഇത് മുഴുവൻ തുരുമ്പെടുത്ത് നശിച്ചുപോകുന്ന സ്ഥിതിയാണുള്ളത്. ഇങ്ങനെ കിടക്കുന്ന വാഹനങ്ങൾ നശിച്ചുപോകാതെ അവ ലേലം ചെയ്ത് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടാക്കാൻ ആവശ്യമായ എന്തെങ്കിലും സംവിധാനമുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. വാഹനങ്ങൾ പിടിക്കുന്നുണ്ട്. കഴിഞ്ഞ ആറ് മാസത്തിനകം 53 വാഹനങ്ങൾ പിടിച്ചിട്ടുണ്ട്. പല സ്ഥലത്തും സൂക്ഷിക്കുന്നുണ്ടെങ്കിലും കേസിന് ആസ്പദമായ വാഹനം court custody-യിൽ ആണ്. അതിനെക്കുറിച്ച് ഗവൺമെന്റ് വളരെ കാര്യമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. പല സ്ഥലത്തും ചാരായം ധാരാളം കെട്ടിക്കിടക്കുന്നു. വളരെ വേഗതയിൽ അത് ഡിസ്പോസ് ചെയ്തുകൊണ്ടിരിക്കുകയാണ്. ആറ് മാസത്തിനകംതന്നെ 1,60,000 ലിറ്റർ ചാരായം പിടിച്ചെങ്കിലും മൊത്തത്തിൽ ഇപ്പോൾ 30,000 ലിറ്റർ മാത്രമേ ബാക്കിയുള്ളൂ. ബാക്കിയുള്ളവ നമ്മൾ കൊടുക്കുകയും നല്ല സ്പിരിറ്റാണെങ്കിൽ അതെല്ലാം വിൽക്കുകയും നശിപ്പിക്കേണ്ടവ നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വാഹനങ്ങളുടെ കാര്യവും ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. വാഹനങ്ങൾ കൂടുതൽ കാലം കിടന്ന് നശിച്ചുപോകുന്നു. അക്കാര്യം ബഹുമാനപ്പെട്ട ഹൈക്കോടതിയുമായി സംസാരിച്ച്, ഏതെങ്കിലും രീതിയിൽ ഇത് ഡിസ്പോസ് ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. തമ്പാനൂർ രവി: സർ, സ്പിരിറ്റ് കടത്ത് ഏറ്റവും കൂടുതൽ നടക്കുന്നത് അതിർത്തി ചെക്ക്പോസ്റ്റുകളിലാണ്. ഉദാഹരണത്തിന് അമരവിള ചെക്ക്പോസ്റ്റിൽ മോട്ടോർ വെഹിക്കിൾസ്, പോലീസ്, എക്സൈസ് തുടങ്ങിയ വകുപ്പുകളാണുള്ളത്. അവർ തമ്മിൽ ഒരു co-ordination-നുമില്ല. ഈ സ്പിരിറ്റ് കടത്ത് തടയുവാൻവേണ്ടി അതിർത്തി ചെക്ക്പോസ്റ്റുകളിലെങ്കിലും എക്സൈസ് ഉദ്യോഗസ്ഥരുടെ എണ്ണം കൂട്ടുകയും ആധുനിക ഉപകരണങ്ങൾ നൽകുകയും വാഹനങ്ങൾ കൊടുക്കുകയും ചെയ്തുകൊണ്ട് Spirit കള്ളക്കടത്തുതടയൽ strengthen ചെയ്യാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: എനിക്കും ആ അഭിപ്രായമുണ്ട്. പക്ഷേ എല്ലാ വകുപ്പുകളിലും പോസ്റ്റ് കൂട്ടുന്നതിനെ എതിർത്തുകൊണ്ടിരിക്കുന്ന ധനകാര്യ വകുപ്പുമന്ത്രിതന്നെ, ഈ വകുപ്പിൽ പോസ്റ്റുകളുണ്ടാക്കണമെന്നുള്ള ബുദ്ധിമുട്ടു കൊണ്ടാണ് അത് വളരെ സജീവമായി പരിഗണിക്കാത്തത്. എങ്കിലും അത് ആലോചിക്കാം.

ശ്രീ. മത്തായി ചാക്കോ: സർ, സ്പിരിറ്റ് കള്ളക്കടത്തും വ്യാജവാറ്റും തടയുന്നതിനുവേണ്ടി കേരള നിയമസഭതന്നെ വർഷങ്ങളോളം കഠിനതടവ് കൊടുക്കുന്ന രീതിയിൽ അതിശക്തമായ നിയമങ്ങളുണ്ടാക്കുകയുണ്ടായി. ഇപ്പോൾ അബ്കാരി കോൺട്രാക്ടർമാരുടേയും സ്പിരിറ്റ് കള്ളക്കടത്തുകാരുടേയുമെല്ലാം സമ്മർദത്തിന്

LIBRARY ARCHIVES Kerala Legislative Assembly

വിധേയമായി നിലവിലുള്ള അബ്കാരി നിയമത്തിൽ കോമ്പൗണ്ടിംഗ് വ്യവസ്ഥകൾ ഉൾപ്പെടുത്താനുള്ള നീക്കം ഗവൺമെന്റ് നടത്തുന്നുണ്ടോ; അതിനാവശ്യമായിട്ടുള്ള പ്രാഥമിക നടപടികൾ നിയമവകുപ്പിൽ തുടങ്ങിക്കഴിഞ്ഞിട്ടുണ്ടോ എന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കാമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഇപ്പോൾത്തന്നെ ഏതാണ്ട് 30,000-ത്തോളം കേസുകൾ കോടതിയിൽ ഉണ്ട്. ഉദ്യോഗസ്ഥർക്ക് ഇപ്പോൾ വേറെ ഒരു ജോലിയുമില്ല. അവർ കേസുകളുടെ പുറകെ പോവുകയാണ്. ഇത്രയുമധികം കേസുകളായതുകൊണ്ട് കേസുകളെല്ലാം acquittal-ൽ അവസാനിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇത് കോമ്പൗണ്ട് ചെയ്യുന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിച്ചുവരുന്നുണ്ട് എന്നുള്ളത് ശരിയാണ്. പക്ഷേ അങ്ങനെ ചെയ്താൽത്തന്നെയും ഉദ്യോഗസ്ഥരോ പൊളിറ്റിക്കൽ ഹെഡ്ഡോ ഒന്നും തീരുമാനിക്കുകയില്ല, ജുഡീഷ്യൽ ഓഫീസർമാർ തീരുമാനിക്കും.

ശ്രീ. പി. പി. ജോർജ്ജ്: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് 74 കേസുകളെടുത്തിട്ടുണ്ട്, 53 വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട് എന്നാണ്. ഇത് അനധികൃതമായി കടത്തിക്കൊണ്ടുവരുന്നത് ഫലപ്രദമായി തടയാൻ വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനുപുറമെ വാഹന ഉടമകളുടെ പേരിൽ നടപടികൾ എടുക്കുകയും ഡ്രൈവർമാരുടെ പേരിൽ കേസ് എടുക്കുകയും ചെയ്യണം. എങ്കിൽ മാത്രമേ വാഹനങ്ങൾ അവർക്ക് കൊടുക്കാതിരിക്കുകയും ഡ്രൈവർമാർ ഈ ജോലിക്ക് വരാതിരിക്കുകയും ചെയ്യുകയുള്ളൂ. അങ്ങനെ ചെയ്യണമെന്നുള്ള ഒരു നിർദ്ദേശം പരിഗണിച്ചുകൊണ്ട്, ഇതിനാവശ്യമെങ്കിൽ നിയമത്തിൽ ഭേദഗതികൾ വരുത്തണമെന്ന് പറഞ്ഞുകൊണ്ടുള്ള നിർദ്ദേശങ്ങൾ നിയമസഭയുടെ Public Accounts Committee കഴിഞ്ഞ രണ്ടുപ്രാവശ്യം സമർപ്പിച്ചതിന് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോയെന്ന് വ്യക്തമാക്കണം.

ശ്രീ. വക്കം പുരുഷോത്തമൻ: ഇപ്പോഴും അതിനുള്ള വകുപ്പുകളുണ്ടെന്നാണ് എന്റെ വിശ്വാസം. അതിൽനിന്ന് dilute ചെയ്യുന്നതിനുള്ള വകുപ്പുണ്ടെങ്കിൽ അത് ചെയ്യുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കാം. പക്ഷേ ഇപ്പോൾ കാണുന്നത് പല വാഹനങ്ങളും പ്ലേറ്റ് മാറ്റി വരിക, ആരെങ്കിലും തടുത്താൽ വാഹനമുപേക്ഷിച്ച് ഓടിക്കളയുക തുടങ്ങിയവയാണ്. എങ്കിലും വാഹന ഉടമസ്ഥരെയടക്കം പ്രതികളാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്നുതന്നെയാണ് എന്റെ അഭിപ്രായം.

ശ്രീ. എം. വി. ജയരാജൻ: സർ, അങ്ങ് സ്പീക്കർ പദവിയിൽനിന്നും ഈ വകുപ്പ് ഏറ്റെടുക്കുന്നത് പഴയ കാലത്തെ അതേസ്ഥിതിയിൽ തുടരാനല്ല എന്നാണ് എനിക്ക് തോന്നുന്നത്. ഇപ്പോൾ ഉദ്യോഗസ്ഥരിൽ ചിലരെപ്പറ്റി ആക്ഷേപം ഉയരുന്നതുപോലെതന്നെ വലിയ പ്രതീക്ഷകൾക്ക് വിരുദ്ധമായി ഗൗരവമായിട്ടുള്ള ഒരാക്ഷേപം ഉയർന്നുവന്നിരിക്കുന്നു. ഉദാഹരണത്തിന് പാലക്കാട് ജില്ലയിലെ കാമ്പ്രത്ത്ചള്ള, തൃശ്ശൂർ ജില്ലയിലെ മണ്ണുത്തി, അമരവിള തുടങ്ങിയ പ്രദേശങ്ങളിൽ ഏജന്റുമാരായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ചിലർ കൂടിയുണ്ട്. അവർ ബൈക്കിൽ മൊബൈൽ ഫോണുമായി മുന്നോട്ടുപോവുകയാണ്. എന്നിട്ട് പറ്റുന്ന ഉദ്യോഗസ്ഥനാണ് അവിടെയുള്ളതെങ്കിൽ സിഗ്നൽ കൊടുക്കും. അവരാണ് ഈ പറയുന്ന കൈക്കൂലി ഉദ്യോഗസ്ഥന് കൊടുക്കുന്നത്. ഇങ്ങനെ ഏജന്റുമാർ സമാന്തരമായി പ്രവർത്തിക്കുന്ന ഒരു മേഖലയാണെന്നുള്ളത് കണക്കിലെടുത്ത് അത്തരത്തിലുള്ള ആളുകളെ കർശനമായി പിടികൂടാൻ കഴിയണം. അവർ ഇതുവരെ പിടികൂടപ്പെട്ട കേസുകളൊന്നുമില്ല. നിയമത്തിന്റെ loophole കൊണ്ട് അവർ രക്ഷപ്പെടുകയാണ്. അത്തരത്തിലുള്ള ആളുകളെകൂടി നിയമത്തിന്റെ പരിധിയിൽ, കേസിൽ ഉൾപ്പെടുത്തി ശിക്ഷാർഹമായവിധത്തിൽ കൊണ്ടുവരുന്നതിനും കർശനമായി ഈ സമാന്തര അധോലോകത്തെ തടയാനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വക്കം പുരുഷോത്തമൻ</u>: ബഹുമാനപ്പെട്ട മെമ്പർ അക്കാര്യം രഹസ്യമായി എനിക്ക് എഴുതിത്തന്നാൽ ഞാനും അത് വളരെ രഹസ്യമായി എസ്.പി.-യ്ക്ക് കൈമാറാം. എക്സൈസുകാർക്ക് ഇൻവെസ്റ്റിഗേഷനുള്ള അധികാരങ്ങൾ വളരെ കുറവാണ്. അതുകൊണ്ട് എസ്.പി.-യ്ക്ക് കൈമാറി അതുകൂടി പരിശോധിച്ച് നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം കൊടുക്കാം.

<u>ശ്രീമതി മാലേത്ത് സരളാദേവി</u>: സർ, ഗ്രാമപ്രദേശങ്ങളിലെ കള്ളുഷാപ്പുകളിൽ വ്യാജമദ്യവും സ്പിരിറ്റും കൂടുതലായി വിറ്റഴിക്കുയും സാധാരണ ജനങ്ങളുടെ ജീവിതത്തെ ഇത് വളരെയധികം ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. ഇങ്ങനെ വ്യക്തമായ തെളിവോടുകൂടി പിടിക്കപ്പെട്ട കള്ളുഷാപ്പുകൾ പത്തനംതിട്ട ജില്ലയിൽ ധാരാളമായിട്ടുണ്ട്. ഇക്കാര്യം ഏതെങ്കിലും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കള്ളുഷാപ്പുകളുടെ ലൈസൻസ് റദ്ദാക്കുന്ന നടപടികളിലേയ്ക്ക് ഗവൺമെന്റ് നീങ്ങുമോ?

<u>ശ്രീ. വക്കം പുരുഷോത്തമൻ</u>: പത്തനംതിട്ടയിലെ കള്ളുഷാപ്പുകളിൽ സ്പിരിറ്റ് വ്യാജമായി വിതരണം ചെയ്യുന്നു എന്നറിഞ്ഞ് ഞാൻതന്നെ നിർദ്ദേശം കൊടുത്തു, അതിന്റെ അടിസ്ഥാനത്തിൽ അവിടെയുള്ള കള്ളുഷാപ്പുകളിൽ ചില പരിശോധനകൾ നടത്തി. ഇപ്പോൾ കള്ളുഷാപ്പുകളെല്ലാം അടഞ്ഞുകിടക്കുകയാണ് എന്നാണ് എന്റെ അറിവ്. പക്ഷേ എല്ലാ കള്ളുഷാപ്പുകളും അങ്ങനെ സ്ഥിരമായി അടച്ചിടുന്നത് ശരിയല്ല. അതുകൊണ്ട് മെറിറ്റിന്റെ അടിസ്ഥാനത്തിൽ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശം കൊടുത്തിട്ടുണ്ട്.

<u>ശ്രീ. ബിനോയ് വിശ്വം</u>: സർ, സ്വതസിദ്ധമായ പുഞ്ചിരിയോടുകൂടി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ പല മറുപടികളും ഈ സഭയെ അമ്പരപ്പിക്കുകയാണ്. നീതിബോധമുള്ള ഒരൊറ്റ ഉദ്യോഗസ്ഥനും ആ വകുപ്പിലില്ലെന്നാണ് മന്ത്രി ഇവിടെ പറഞ്ഞത് .....(ബഹളം)..... സത്യസന്ധനായി

LIBRARY ARCHIVES Kerala Legislative Assembly

ആരെങ്കിലുമുണ്ടെങ്കിലെന്നു പറഞ്ഞു. അതുപോലെ തുറമുഖംവഴി വന്ന വ്യാജ സ്പിരിറ്റ് വിട്ടുകൊടുക്കണമെന്ന് നിയമവകുപ്പ് പറഞ്ഞതായി അങ്ങ് പറഞ്ഞു. ഇതിന്റെയെല്ലാം അർത്ഥം ഈ സംസ്ഥാനം പൂർണ്ണമായും വ്യാജ സ്പിരിറ്റ്, വ്യാജ മദ്യ ലോബിക്ക് കീഴ്പ്പെട്ട് പോകുമ്പോൾ നിസ്സഹായമായി പുഞ്ചിരിച്ചു നിൽക്കുക മാത്രമാണ് ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത് എന്നാണോ; അങ്ങനെയാണെങ്കിൽ ദുഃഖകരമാണ്. എന്റെ ചോദ്യം ഇത്തരക്കാരുടെ മുമ്പിൽ സമ്പൂർണ്ണമായും നിസ്സഹായമായും വഴങ്ങാനാണോ ഗവൺമെന്റിന്റെ തീരുമാനമെന്നാണ്?

<u>ശ്രീ. വക്കം പുരുഷോത്തമൻ</u>: ഒന്നാമത്തെ കാര്യം ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ മുഴുവൻ അഴിമതിക്കാരാണെന്ന് ഞാൻ പറഞ്ഞിട്ടില്ല. അത് ശരിയുമല്ല. പിന്നെ രണ്ടാമത്തെ കാര്യം എക്സൈസ് വകുപ്പിനെക്കുറിച്ച് നമുക്കെല്ലാം പണ്ടു പണ്ടേ അറിയാം. അതിന് ഞാൻ പ്രത്യേകമായി ഒരു മറുപടി പറയേണ്ടകാര്യമില്ല. അതെങ്ങനെ നമുക്ക് ശുദ്ധിയാക്കാൻ കഴിയുമെന്നുള്ളതാണ്. പൂർണ്ണമായും ശുദ്ധമാക്കാൻ ആരുവിചാരിച്ചാലും കഴിയില്ല. പക്ഷേ എന്തുനടപടികൾ സ്വീകരിക്കാമെന്ന് കൂട്ടായി ചർച്ചചെയ്ത് അതിന് ഉപദേശം തന്നാൽ അത് നല്ലതാണെങ്കിൽ സ്വീകരിക്കാൻ തയ്യാറാണ്.

<u>ശ്രീ. ടി. വി. ചന്ദ്രമോഹൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർമാരും മന്ത്രിയും അതിർത്തി ജില്ലകളിലെ ചെക്ക്പോസ്റ്റുകളെ സംബന്ധിച്ചാണ് ഇവിടെ വിശദീകരിച്ചിട്ടുള്ളത്. അത് പൂർണ്ണമായി, ഫലപ്രദമായി തടയാൻ കഴിയില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ വിവാഹങ്ങൾക്കും ഉത്സവങ്ങൾക്കും നൂറുകണക്കിന് ലിറ്റർ വ്യാജമദ്യം സുലഭമായി വിതരണം ചെയ്യുന്നുണ്ട്. എക്സൈസ് ഡിപ്പാർട്ടുമെന്റിനു മാത്രമായി അത് തടയാൻ സാധിക്കില്ല. ഗ്രാമപ്രദേശങ്ങളിൽ പോലീസ് വകുപ്പും എക്സൈസ് വകുപ്പും co-ordinate ചെയ്തല്ല പരിശോധിക്കുന്നത്; അവർ പരസ്പരം യോജിച്ചല്ല പ്രവർത്തിക്കുന്നത്. അവർ പരസ്പരം യോജിച്ച് പ്രവർത്തിക്കുകയും ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള ഒരു കമ്മിറ്റി രൂപീകരിച്ച് അത്തരം ഉത്സവങ്ങളിലും വിവാഹങ്ങളിലും ചെറിയ പരിധിയിലെങ്കിലും മദ്യം ഒഴിവാക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടികളെടുക്കാൻ തയ്യാറാകണമെന്ന് നിർദ്ദേശിക്കുന്നു.

<u>ശ്രീ. വക്കം പുരുഷോത്തമൻ</u>: വ്യാജമദ്യ വിൽപ്പന അവസാനിപ്പിക്കുന്നതിന് ഉദ്യോഗസ്ഥർ മാത്രം പരിശ്രമിച്ചാൽ വിജയിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശിച്ചതും നേരത്തേ ഇവിടെ വന്നിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ചും ജനപങ്കാളിത്തത്തോടുകൂടി ഇതിനെ എങ്ങനെ നേരിടാൻ കഴിയുമെന്നുള്ളത് പരിശോധിക്കണം. അതിനാണ് സർവ്വകക്ഷി നേതാക്കന്മാരുടേയും ട്രേഡ് യൂണിയൻ നേതാക്കന്മാരുടേയും യോഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ചർച്ചചെയ്യാമെന്ന് പറഞ്ഞത്. ജനങ്ങളുടെ സഹകരണത്തോടുകൂടി മാത്രമേ നമുക്ക് ഇത് അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ; അല്ലെങ്കിൽ ഒരു പരിധിവരെയെങ്കിലും പെറുക്കാൻ കഴിയുകയുള്ളൂ. ആ രീതിയിൽ വളരെ ഗൗരവത്തോടുകൂടിത്തന്നെ ഈ കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: സ്പിരിറ്റ് കള്ളക്കടത്തും വ്യാജമദ്യ വിൽപ്പനയും തടയുന്നതിന് വളരെ താൽപ്പര്യത്തോടുകൂടി വകുപ്പുമന്ത്രി പ്രവർത്തിക്കുന്നു എന്നാണ് അങ്ങയുടെ മറുപടിയിലൂടെ പറയാൻ ശ്രമിക്കുന്നത്. എന്നാൽ ആലപ്പുഴ ജില്ലയിലെ അനുഭവം വളരെ വ്യത്യസ്തമാണ്. എന്റെ നിയോജകമണ്ഡലത്തിൽ ചേപ്പാട് എന്ന സ്ഥലത്ത് അങ്ങ് പറഞ്ഞതുപോലെ വളരെ രഹസ്യമായി സ്പിരിറ്റ് കച്ചവടം നടത്തുന്നത് അറിയിച്ചു. ജില്ലാ സ്കാഡുകൾതന്നെ വന്ന് പരിശോധിച്ച് പിടിച്ചു. പക്ഷേ പിറ്റേദിവസം ഈ മദ്യമാഫിയാസംഘം രഹസ്യമായി വിവരമറിയിച്ചുകൊടുത്തതനുസരിച്ച് മദ്യം സൂക്ഷിച്ചിരുന്ന വീട് അടിച്ചുതകർത്ത് അച്ഛനേയും അമ്മയേയും മക്കളേയും എല്ലാം ആശുപത്രിയിലാക്കി. പരാതി മുഖ്യമന്ത്രിക്ക് കൊടുത്തിട്ട് ഒരു മറുപടിയുമുണ്ടായില്ല എന്നുള്ളത് ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. രഹസ്യവിവരം കൊടുത്താലുള്ള സ്ഥിതിയാണ് ഞാൻ പറഞ്ഞത്. എന്റെ ചോദ്യം ആലപ്പുഴ ജില്ലയിൽ രണ്ട് പുതിയ എക്സൈസ് റേഞ്ചുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റിനുമുന്നിൽ സമർപ്പിച്ചിട്ട് ഏതാണ്ട് ഒരു വർഷത്തിലേറെയാകുന്നു. വ്യാജചാരായത്തിന്റെ വ്യാപനം വർദ്ധിക്കുന്ന സാഹചര്യത്തിൽ ആ രണ്ട് റേഞ്ചുകൾ അടിയന്തിരമായി പ്രവർത്തനം ആരംഭിക്കുന്നതിനും എക്സൈസ് ഗാർഡിന്റെ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാൻ പോകുന്ന സാഹചര്യത്തിൽ അതിന് മുൻകൈ എടുത്തുകൊണ്ട് എക്സൈസ് റേഞ്ചുകൾ ആരംഭിക്കുന്നതിനും തയ്യാറാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ബഹുമാനപ്പെട്ട മെമ്പറുടെ നിയോജക മണ്ഡലത്തിൽ ഒരു റേഞ്ച് ഓഫീസ്കൂടി വേണമെന്നുണ്ടെങ്കിൽ അത് പരിശോധിക്കാം. സാമ്പത്തികമായി ഇന്നത്തെ നിലപാടനുസരിച്ച് പുതിയ ഓഫീസുകളും പുതിയ തസ്തികകളും സൃഷ്ടിക്കുന്നതിന് ഗവൺമെന്റ് എതിരാണ്. അതുകൊണ്ടാണ് പുതിയ ഓഫീസുകൾ പലതും ഉണ്ടാകാത്തത്. ബഹുമാനപ്പെട്ട മെമ്പർ ആദ്യം പറഞ്ഞകാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത് ശ്രദ്ധയിൽപ്പെടുത്തിയാൽ തീർച്ചയായും എന്തുനടപടി സ്വീകരിക്കണമെന്ന് ആലോചിക്കാം, സ്വീകരിക്കുകയും ചെയ്യാം.

(ചോദ്യോത്തര സമയം കഴിഞ്ഞു.)